**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4355** **09-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടയം ലഭിച്ച ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇത് സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും ബാധകമാണോ; | (എ) | 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും താമസത്തിനും സമീപ വസ്തുവിന്റെ ഗുണപരമായ അനുഭവത്തിനുമാണ് പട്ടയം അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഇത് ഒരു പോലെ ബാധകമാണ്. |
| (ബി) | ഇത്തരം ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി നിർബന്ധമാക്കിയിട്ടുണ്ടോ; ഇത് എല്ലാ ജില്ലകൾക്കും ബാധകമാണോ; | (ബി) | ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, കെഡിഎച്ച്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ 8 വില്ലേജുകൾ അടങ്ങുന്ന മൂന്നാർ പ്രദേശത്ത് കാർഷികാവശ്യങ്ങൾക്കായി പതിച്ചു കൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, മൂന്നാർ പ്രദേശത്ത് റവന്യൂ വകുപ്പിന്റെ എൻഒസി ഇല്ലാതെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് WP(C) 1801/2010 കേസിലെ 21.01.2010 ഇടക്കാല ഉത്തരവിൽ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചു. പ്രസ്തുത ഹൈക്കോടതി ഉത്തരവിനെ തുടർന്ന് 09.06.2016 ലെ ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം ഇടുക്കി ജില്ലയിലെ ടി 8 വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട കേസിലെ സുപ്രീംകോടതിയുടെ വിധി എല്ലാ ജില്ലകളിലും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രീമതി.ലാലി ജോർജ്ജ് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 17983/2019 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 25.06.2020 ലെ ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകളിൽ ഭൂമി എന്താവശ്യത്തിനാണ് പതിച്ചു നൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി |

| | | | |
|---|---|---|---|
| | | | തള്ളുകയും തുടർന്ന് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് possession certificate നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി, കേരള ലാൻഡ് അസ്സൈൻമെന്റ് ആക്ട് 1960 പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ / അല്ലയോ എന്ന വിഷയം കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ട പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരം കൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ possession certificate അനുവദിക്കുവാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകി 02.12.2020 ൽ സ.ഉ(എം.എസ്).290/2020/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവ് എല്ലാ ജില്ലയിലും ബാധകമാണ്. |

സെക്ഷൻ ഓഫീസർ